പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5110

15-11-2019-ൽ മറുപടിക്ക്

## നെടുമങ്ങാട് മണ്ഡലത്തിലെ ആഗ്രോ സർവ്വീസ് സെന്ററുകൾ

**ചോദ്യം**

**ശ്രീ.സി. ദിവാകരൻ**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

<table>
<tr>
<td>(എ)</td>
<td>നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ എത്ര ആഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;</td>
<td>(എ)</td>
<td>നെടുമങ്ങാട് മണ്ഡലത്തിൽ രണ്ട് കാർഷിക സേവന കേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നത്.
<table>
<tr><th>ക്രമ നമ്പർ</th><th>കാർഷിക സേവന കേന്ദ്രം</th><th>വിശദാംശം</th></tr>
<tr><td>1</td><td>നെടുമങ്ങാട് കാർഷിക സേവന കേന്ദ്രം</td><td>നെടുമങ്ങാട് ബ്ലോക്കിൽ 18 /05 / 2018-ൽ പ്രവർത്തനം ആരംഭിച്ചു</td></tr>
<tr><td>2</td><td>കഴക്കൂട്ടം കാർഷിക സേവന കേന്ദ്രം</td><td>കഴക്കൂട്ടം ബ്ലോക്കിൽ ആണ്ടൂർക്കോണം പഞ്ചായത്തിൽ 24 / 04 / 2013 -ൽ പ്രവർത്തനം ആരംഭിച്ചു.</td></tr>
</table>
</td>
</tr>
<tr>
<td>(ബി)</td>
<td>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ആഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിച്ചിട്ടുണ്ടോയെന്നും പുതിയ ആഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?</td>
<td>(ബി)</td>
<td>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ 2017-18 ൽ നെടുമങ്ങാട് ബ്ലോക്കിൽ, നെടുമങ്ങാട് കാർഷിക സേവന കേന്ദ്രം അനുവദിച്ചിരുന്നു. സംസ്ഥാനത്ത് ഇതുവരെ അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിക്കാത്ത 11 ബ്ലോക്കുകൾക്കാണ് ഈ വർഷം സെന്റർ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നത്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ